# ഹൃദയത്തിൽ ഷോർട്ട് സർക്യൂട്ട് രോഗം; ചികിത്സ വിജയകരമെന്ന് ഡോക്ടർമാർ

**ബെംഗളൂരു:** ഹൃദ്രോഗങ്ങൾ പലവിധമുണ്ടെങ്കിലും ഹൃദയത്തിലെ വൈദ്യുത ആവേഗങ്ങളുടെ ഏറ്റക്കുറച്ചിൽ മൂലമുണ്ടാവുന്ന ഷോർട്ട് സർക്യൂട്ട് രോഗം ബാധിക്കുന്നവർ വിരളമാണ്. ഈ രോഗം ബാധിച്ച യുവാവിന് ഇലക്ട്രോ ഫിസിയോളജിയിലൂടെ ചികിത്സ നൽകി രോഗം ഭേദമാക്കിയതായി കണ്ണിങ്ഹാം റോഡ് ഫോർട്ടിസ് ആസ്പത്രിയിലെ ഡോക്ടർമാർ അറിയിച്ചു. ആയിരത്തിൽ ഒരാൾക്കു വരുന്ന ഷോർട്ട് സർക്യൂട്ട് രോഗം രോഗിയിൽ ജനനസമയത്തുതന്നെ ഉണ്ടാവുമെങ്കിലും 20 വയസ്സുമുതലാണ് ലക്ഷണങ്ങൾ പ്രകടമാവുക. വർധിച്ച ഹൃദയമിടിപ്പ്, തലചുറ്റൽ, ഛർദി, ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാതെവരിക തുടങ്ങിയ ലക്ഷണങ്ങളുമായി പ്രത്യക്ഷപ്പെടുന്ന രോഗത്തെ ഇ.സി.ജി വഴി പലപ്പോഴും തിരിച്ചറിയാറില്ലെന്നും ഡോക്ടർമാർ പറഞ്ഞു. ഇത്തരം രോഗികളുടെ ഹൃദയമിടിപ്പ് മിനിറ്റിൽ 300-ൽ കൂടുതലായിരിക്കും. എക്കോ , ഇലക്ട്രോ ഫിസിയോ ലാബ് പരിശോധനകൾ വഴിയാണ് രോഗം നിർണയിക്കപ്പെടുന്നത്.

സാധാരണ നിലയിൽ രക്തചംക്രമണ സമയത്ത് ഹൃദയത്തിൽ നേരിയ വൈദ്യുതപ്രവാഹം ഉണ്ടാവും. ഈ രോഗികളിൽ വൈദ്യുതപ്രവാഹത്തിന് ഇളക്കം തട്ടുന്നതിനാൽ രക്തം പമ്പുചെയ്യുന്നതിനു തടസ്സം നേരിടുന്നു. ചിലരിൽ ഈ രോഗം വലിയപ്രശ്നങ്ങൾ സൃഷ്ടിക്കാറില്ലെങ്കിലും ചിലർക്ക് ഹൃദയാഘാതത്തിനു വരെ കാരണമാവാറുണ്ട്.

ഷോർട്ട് സർക്യൂട്ട് രോഗത്തിൽ ആൻജിയോപ്ലാസ്റ്റിയിലെന്ന പോലെ കാലിലെ പ്രധാന ഞരമ്പുവഴിയാണ് ചികിത്സ. ഹൃദയത്തിലേക്കു കടത്തുന്ന നേരിയ കുഴലുകളുടെ അറ്റത്ത് ഇലക്ട്രോഡുകൾ ഘടിപ്പിക്കുകയാണ് ചെയ്യുക. ഷോർട്ട് സർക്യൂട്ടുകൾ കണ്ടെത്തി വിഘടിപ്പിക്കുകയാണ് ഇലക്ട്രോഡുകൾ ചെയ്യുന്നത്. രോഗം മൂർച്ഛിച്ചതിനെ തുടർന്നാണ് ബെംഗളൂരു സ്വദേശിയായ ചൗധരി കഴിഞ്ഞ മാസം ആസ്പത്രിയിലെത്തിയത്. രണ്ടുവർഷം മുൻപുമുതൽ വിട്ടുമാറാത്ത ഛർദിയും തലചുറ്റലും അനുഭവപ്പെട്ടിരുന്നെങ്കിലും കാര്യമാക്കിയിരുന്നില്ലെന്നും ഒടുവിൽ ഇലക്ട്രോ ഫിസിയോളജി ലാബ് ടെസ്റ്റുവഴിയാണ് രോഗനിർണയം നടത്തിയതെന്നും ചികിത്സയ്ക്ക് നേതൃത്വം നൽകിയ ഹൃദ്രോഗവിദഗ്ധനും ഇലക്ട്രോ ഫിസിയോളജിസ്റ്റുമായ ഡോ. ജയകീർത്തി വൈ റാവു പത്രസമ്മേളനത്തിൽ പറഞ്ഞു. ചികിത്സയ്ക്കുവിധേയനായ ചൗധരിയും പത്രസമ്മേളനത്തിൽ പങ്കെടുത്തു.



ഷോർട്ട് സർക്യൂട്ട് രോഗവുമായി ബന്ധപ്പെട്ട് നടത്തിയ പത്രസമ്മേളനത്തിൽ ഡോ. ജയകീർത്തി വൈ റാവു സംസാരിക്കുന്നു